## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1097.** **10.06.2019 ൽ മറുപടിയ്ക്ക്**

## മയക്കമരുന്ന്- കഞ്ചാവ് വിൽപ്പന തടയുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഗീതാ ഗോപി | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് മയക്കമരുന്നും കഞ്ചാവും വിൽപ്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയുന്നതിന് വകുപ്പ് സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടില്ല. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ 3272 ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. ഈ ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനത്തിൽ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും പുറമെ രക്ഷാകർത്താക്കളുടെയും പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടുണ്ട്. നാളിതുവരെ 3272 പരാതിപ്പെട്ടികൾ സ്കൂളുകളിൽ സ്ഥാപിക്കുകയും ഇത്തരത്തിൽ ലഭിക്കുന്ന പരാതികളിൽ സത്വര നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ലഹരിയ്ക്കെതിരെ 'കായിക ലഹരി' എന്ന സന്ദേശം പ്രചരിപ്പിച്ച് കുട്ടികളെയും യുവാക്കളെയും കായികരംഗത്തേക്ക് കൈപിടിച്ച് നയിക്കുന്നതിനായുള്ള പ്രവർത്തനങ്ങളും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.<br>സംസ്ഥാനത്തെ മുഴുവൻ സ്കൂൾ/കോളേജുകളിലും വിമുക്തി ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിന്റെ ഭാഗമായി വിമുക്തി എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷനും തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാട്ടിക മണ്ഡലത്തിൽനിന്നും ഇപ്രകാരം എത്ര കഞ്ചാവ് പിടികൂടിയിട്ടുണ്ട്; എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വ്യക്തമാക്കുമോ; | (ബി) | നാട്ടിക മണ്ഡലത്തിൽനിന്നും 121 കേസ്സുകളിലായി 6.250 കിലോഗ്രാം കഞ്ചാവ് പിടികൂടിയിട്ടുണ്ട്. |
| (സി) | എക്സൈസ് വകുപ്പിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | എക്സൈസ് വകുപ്പിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിലേക്ക് ഈ സർക്കാർ അധികാരമേറ്റശേഷം വിവിധ തസ്തികകളിലായി ആകെ 244 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിനു |

| | | | |
|---|---|---|---|
| | | | പുറമെ "വിമുക്തി"മിഷന്റെ പ്രവർത്തനങ്ങൾക്കായി 31 താത്കാലിക തസ്തികകളും പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. |
| (ഡി) | എക്സൈസ് സ്റ്റേഷനുകളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | 138 എക്സൈസ് റെയിഞ്ച് ഓഫീസുകൾ കമ്പ്യൂട്ടർ വത്ക്കരിച്ചിട്ടുണ്ട്. എറണാകുളം, പാലക്കാട് ജില്ലകളിൽ വയർലസ് സിസ്റ്റം സ്ഥാപിച്ചിട്ടുള്ളതും എക്സൈസ് ചെക്ക് പോസ്റ്റുകളിലും സോളാർ ലൈറ്റ്, ഇൻവെർട്ടർ എന്നിവ സ്ഥാപിച്ചിട്ടുള്ളതും വനിതാ പട്രോളിംഗ് സ്ക്വാഡിനായി 100 പുതിയ സ്കൂട്ടറുകളും 26 ഓഫീസുകളിൽ വനിതാ ജീവനക്കാർക്കായി പ്രത്യേക റസ്റ്റ് റൂമും, ടോയിലറ്റും നിർമ്മിച്ചിട്ടുള്ളതുമാണ്. ഫീൽഡ് ഓഫീസുകളിലേയ്ക്ക് 12 പുതിയ വാഹനങ്ങളും, ഫൈബർ ലാത്തി, സിഗ്നൽലൈറ്റ്ബാറ്റൺ, കുട, ഹാൻഡ്കഫ് എന്നിവയും ആധുനിക വത്ക്കരണത്തിന്റെ ഭാഗമായി നൽകിയിട്ടുണ്ട്. |
| (ഇ) | ഈ വിഭാഗം ജീവനക്കാരുടെ സുരക്ഷയ്ക്ക് കൂടുതൽ പരിഗണന നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (ഇ) | ജീവനക്കാരുടെ സുരക്ഷയ്ക്ക് കൂടുതൽ പരിഗണന നൽകുന്ന നടപടികളാണ് സ്വീകരിച്ചുവരുന്നത് |

**സെക്ഷൻ ഓഫീസർ**